പ്രകാരം നിർത്തിവച്ചിട്ടുണ്ട്. സംഘത്തിന്റെ സ്വത്ത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

(1) റീസർവ്വേ നം. 216/198- 4.6 ആർ, 4.7 ആർ

(2) റീസർവ്വേ നം. 216/198- 4.5 ആർ, 8 ആർ

(3) റീസർവ്വേ നം. 271/171 - 10 ആർ

(4) റീസർവ്വേ നം. 285/183- 3.9 ആർ

(5) റീസർവ്വേ നം. 271/392- 5 ആർ, 4.8 ആർ

(6) റീസർവ്വേ നം. 2849/181- 2.8 ആർ

(സി) നിരവധി സാധാരണക്കാരായ തൊഴിലാളികളുടെ ജീവനോപാധിയായിരുന്ന ഈ സ്ഥാപനം വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

സംഘം പ്രവർത്തനസജ്ജമാക്കി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നപക്ഷം ആയത് പരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കുന്നതാണ്.

ഖാദി വ്യവസായം

157(3589) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽ ഖാദിയുടെ ഉപയോഗം വ്യാപകമായതിനെ തുടർന്ന് സംസ്ഥാനത്തെ പരമ്പരാഗത ഖാദി വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നവീകരിച്ച് സംരക്ഷിക്കാൻ കഴിയുന്ന വ്യവസായമെന്ന നിലയിൽ ഭാഗികമായ യന്ത്രവൽക്കരണം നടത്തി ഖാദി മേഖലയെ സംരക്ഷിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഇല്ല. കൈകൊണ്ട് ചർക്കയിൽ നൂൽ നൂറ്റ് കൈത്തറിയിൽ നെയ്തെടുക്കുന്ന വസ്ത്രമാണ് ഖാദി. അതുകൊണ്ടുതന്നെ വൈദ്യുതിയോ യന്ത്രങ്ങളോ ഉപയോഗിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly